C... 17/11/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1225(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 9682/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 നവംബർ 11**

ശ്രീ. ജയിക്കബ് മാത്യു
വടക്കേൽ വീട്,
വടകോട് പി.ഒ., ഈസ്റ്റ് എൻഡ് കൊച്ചി,
കങ്ങരപ്പടി, കൊച്ചി - 682021. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മിസ്ട്രസ്,
ജി.വി.എച്ച്.എസ്സ്.എസ്സ്. ഫോർ ഗേൾസ്,
കാസർഗോഡ് - 671 121.
2) അപ്പീൽ അധികാരി &
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കാസർഗോഡ്.
3) ശ്രീമതി വിജയലക്ഷ്മി കെ.കെ.,
ഹെഡ്മിസ്ട്രസ് (റിട്ട.),
'വിശ്വാസ്', പന്നഗോളി റോഡ്,
മന്നിപാഡി പി.ഒ. ആർ.ഡി. നഗർ,
കാസറഗോഡ് - 671 124. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022, 10/11/2022 - വീഡിയോ/ആഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി - (കമ്മീഷൻ ഓഫീസ്) |

## ഉത്തരവ്

ശ്രീ. ജയിക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ ഇ-മെയിൽ മുഖേന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. ആയതിന്

ഇന്നേവരെ യാതൊരു മറുപടികളോ ഇ-മെയിൽ മുഖാന്തരം സന്ദേശങ്ങളോ നൽകിയിട്ടില്ല. ആയതിനാൽ അധികാര ദുർവിനിയോഗം നടത്തി പ്രവർത്തിച്ചിട്ടുള്ള ഓഫീസർക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള മേൽനടപടികൾ സ്വീകരിക്കണമെന്നാണ് പരാതിക്കാരൻ ആവശ്യപ്പെടുന്നത്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 31.03.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ജി.വി.എച്ച്.എസ്.എസ്. ഗേൾസ് സ്കൂളിൽ എത്ര അധ്യാപകരുണ്ടെന്നും എത്ര നോൺ ടീച്ചിംഗ് സ്റ്റാഫുണ്ടെന്നും അവരുടെയെല്ലാം പേര്, പദവി, ഈ സ്കൂളിൽ ജോയിൻ ചെയ്ത വർഷം, റിട്ടയർമെന്റ് ഏതു വർഷം തുടങ്ങിയവ രേഖപ്പെടുത്തിയ മറുപടി, സ്കൂൾ ജീവനക്കാരിൽ എത്ര പേർ കോവിഡ് വാക്സിൻ ഒന്നാം ഡോസും, രണ്ടാം ഡോസും, ബൂസ്റ്റർ ഡോസും എടുത്തിട്ടുണ്ടെന്നും, ഒന്നും, രണ്ടും, മൂന്നും ഡോസുകൾ സ്വീകരിച്ച തീയതി തുടങ്ങിയവ രേഖപ്പെടുത്തിയ ഓരോ അധ്യാപകരെയും/സ്കൂൾ ജീവനക്കാരെയും വേർതിരിച്ച് രേഖപ്പെടുത്തിയ മറുപടി ആയവരിൽ എത്ര പേർ കോവിഡ് വാക്സിൻ സ്വീകരിക്കാത്തവർ ഉണ്ടെന്നും ആയവരെയും വേർതിരിച്ച് പേര്, പദവി തുടങ്ങിയവയുടെ മറുപടി, ആർ.ടി.പി.സി.ആർ എടുത്ത് വേണം കോവിഡ് വാക്സിൻ എടുക്കാത്തവർ സ്കൂളിൽ പ്രവേശിക്കാവൂ എന്ന ഉത്തരവ് ലഭിച്ചിട്ടുണ്ടോ എന്നും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ഉത്തരവുകൾ നിലവിൽ ഇല്ലാതെ സ്വന്തം നിലയ്ക്ക് അധികാരങ്ങൾ സ്ഥാപിച്ചെടുക്കാൻ ഹെഡ്മിസ്ട്രസ് ശ്രമിച്ചിട്ടുണ്ടോ എന്ന വിവരണങ്ങളുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.04.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 08.05.2022 തീയതി അപ്പീൽ സമർപ്പിച്ചു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 08.11.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജേക്കബ് മാത്യു 8.5.2022 തീയതിയിൽ ഇ-മെയിൽ വഴി ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷ ടി കാര്യാലയത്തിന്റെ ഇ-മെയിലിന്റെ junk ലാണ് വന്നിരുന്നതെന്നും ഈ സമയത്ത് ഓഫീസിൽ അറ്റകുറ്റപ്പണികൾ നടന്നിരുന്നതിനാൽ junk -ൽ വന്ന അപ്പീൽ അപേക്ഷ ശ്രദ്ധയിൽപ്പെടാതെ പോയി എന്നും കമ്മീഷനിൽ നിന്നും രണ്ടാം അപ്പീൽ ലഭിച്ചപ്പോഴാണ് ഒന്നാം അപ്പീൽ 8.5.2022-ന് ലഭിച്ചതെന്ന് മനസ്സിലായതെന്നുമാണ്. പ്രസ്തുത അപേക്ഷ ശ്രദ്ധയിൽപ്പെടാതെ പോയതുകൊണ്ട് മാത്രമാണ് കൃത്യസമയത്ത് ഹർജിക്കാരന് മറുപടി നൽകാൻ കഴിയാതിരുന്നതെന്നും ഇത്തരം അശ്രദ്ധ ഇനി ആവർത്തിക്കില്ലെന്നും ആയത് മാപ്പാക്കണമെന്നുമാണ്. അപേക്ഷകൻ

ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാത്മകമാണെന്നും, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, വിശദീകരണങ്ങൾ ആവശ്യപ്പെടുക എന്നീ ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത കാര്യങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നുമാണ്. ചോദ്യങ്ങൾ ചോദിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശ്യം ഹർജിക്കാരന് ഉണ്ടായിരുന്നോ എന്ന് സംശയം ഉണ്ടാകുന്നു എന്നും കൂടാതെ പി.ഐ.ഒ.യെ ശിക്ഷിക്കുന്ന കാര്യങ്ങൾക്കാണ് ഹർജിക്കാരൻ ഊന്നൽ നൽകിയിട്ടുള്ളതെന്നുമാണ്. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് വിവരണങ്ങളും, വിശദീകരണങ്ങളും നൽകുവാൻ കഴിയില്ല എന്നതിനാലായിരിക്കാം ഹർജിക്കാരൻ ചോദിച്ച വിവരങ്ങൾ എസ്.പി.ഐ.ഒ.യ്ക്ക് പൂർണ്ണമായും നൽകാൻ കഴിയാതിരുന്നതെന്നുമാണ്.

5. നിലവിലെ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 26.7.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 31.3.2022 തീയതി ശ്രീ. ജയിക്കബ് മാത്യു സമർപ്പിച്ച വിവരാവകാശ അപേക്ഷ 5.4.2022 ന് ടി ഓഫീസിൽ ലഭ്യമായതിന്റെ രേഖകൾ ഉണ്ടെന്നും മറുപടിയായി 27.4.2022 തീയതി വെച്ച് ടിയാൾക്ക് ടി ഓഫീസിൽ നിന്നും കത്ത് അയച്ചിട്ടുണ്ടെന്നും കമ്മീഷന്റെ നിർദ്ദേശപ്രകാരം ശ്രീ. ജയിക്കബ് മാത്യു സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് നിലവിലെ ഹെഡ്മിസ്ട്രസ് ശ്രീമതി സവിത പി., ലഭ്യമായ വിവരങ്ങൾ അനുസരിച്ചുള്ള മറുപടി റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിക്കുന്നു എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. നിലവിലെ എസ്.പി.ഐ.ഒ. ശ്രീമതി പി.സവിതയേയും അപ്പീൽ അധികാരി ശ്രീ. എൻ.നന്ദികേശനേയും നേരിൽ കാണുകയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യായി വിരമിച്ച പ്രധാനാധ്യാപിക ശ്രീമതി വിജയലക്ഷ്മിയെ ഫോണിലൂടെയും കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ ശ്രീമതി വിജയലക്ഷ്മി ടിയാൾക്കുണ്ടായ വീഴ്ചയ്ക്ക് കമ്മീഷനു മുമ്പാകെ മാപ്പപേക്ഷിക്കുകയുണ്ടായി. ടി വീഴ്ചയ്ക്ക് മാപ്പപേക്ഷ എഴുതി സമർപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചപ്രകാരം മാപ്പപേക്ഷ എഴുതി അയച്ചു നൽകുകയും ചെയ്തിരുന്നു. അപ്പീൽ അപേക്ഷയ്ക്ക് കാലതാമസം വരുത്തിയതിന് അപ്പീൽ അധികാരി മാപ്പപേക്ഷിക്കുകയും മാപ്പപേക്ഷ എഴുതി നൽകുകയും ചെയ്തിരുന്നു. അതേ സമയം പരാതിക്കാരന്റെ ഭാഗത്തു നിന്നും വിവരാവകാശ നിയമത്തിന് വിരുദ്ധമായ ചില പ്രവണതകൾ ഉണ്ടായതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ കോവിഡ്-19 മായി ബന്ധപ്പെട്ട് വ്യക്തമല്ലാത്തതും അനാവശ്യവുമായ ചോദ്യങ്ങളും, വിശദീകരണങ്ങളും ചോദിച്ചതായി കാണുന്നത്. വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയ്ക്ക് എതിരും നിയമം ദുരുപയോഗം ചെയ്യുന്നതും,

ബന്ധപ്പെട്ട ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതുമാണെന്ന് കമ്മീഷൻ അതിഗൗരവത്തോടെ കാണുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള അനാവശ്യ പ്രവണത ആവർത്തിക്കരുതെന്ന് കമ്മീഷൻ ടിയാനെ കർശനമായി താക്കീത് ചെയ്യുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 നവംബർ മാസം 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM